بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

ജുമുഅഃ ഖുത്വ്ബ
സംഗ്രഹം
05-06-2026

# വാഗ്ദത്ത മസീഹി(അ)ന്റെ വിനയം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ○ الرَّحۡمٰنِ الرَّحِیۡمِ ۙ○ مٰلِکِ یَوۡمِ الدِّیۡنِ ؕ○ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ○
اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) അരുളി:

കഴിഞ്ഞ ഖുതുബയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വിനയത്തെയും എളിമയെയും കുറിച്ചുള്ള സംഭവങ്ങളും ഉപദേശങ്ങളുമാണ് വിവരിച്ചിരുന്നത്. ഇന്നും അതേവിഷയവുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഞാൻ വിവരിക്കാം.

ഹദ്റത്ത് ശൈഖ് മുഹമ്മദ് ഇസ്മായിൽ സാഹിബ്(റ) വിവരിക്കുന്നു: ഹദ്ത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദാത്തമായ സൽസ്വഭാവത്തിന്റെ അവസ്ഥ പറയട്ടെ, ഖാദിയാനിലെ ചില ആളുകൾ എപ്പോഴും വാഗ്ദത്ത മസീഹിന് (അ) എതിരെ ശത്രുത പുലർത്തുന്നതിൽ മുഴുകിയവരായിരുന്നു. അങ്ങയെ ഉപദ്രവിക്കാൻ ഒരു അവസരവും അവർ പാഴാക്കിയിരുന്നില്ല. എന്നിട്ടും, അവർ അങ്ങയുടെ പടിവാതിൽക്കൽ വന്ന് മുട്ടിവിളിച്ചപ്പോഴൊക്കെ അവിടുന്ന് നഗ്നപാദനായി പുറത്തേക്ക് വന്ന് അവരുടെ സലാമിന് മറുപടി നൽകുകയും സുഖവിവരങ്ങളും കുടുംബാംഗങ്ങളുടെ വിശേഷങ്ങളും അന്വേഷിക്കുകയും ചെയ്യുമായിരുന്നു. തുടർന്ന് വരാനുള്ള കാരണം ചോദിക്കുകയും, അവർ ഉന്നയിച്ച ആവശ്യത്തെക്കാൾ കൂടുതൽ അവർക്ക് നൽകുകയും ചെയ്യുമായിരുന്നു.

ഹദ്ത്ത് മൗലവി ഷേർ അലി സാഹിബ് (റ) ഒരിക്കൽ വിവരിക്കുകയുണ്ടായി: മീരാൻ ബക്ഷ് സൗദായി മാനസികനില തെറ്റിയ ഒരു വ്യക്തിയായിരുന്നു. ഒരിക്കൽ ഹദ്ത്ത് മസീഹ് മൗഊദ് (അ)വലിയപള്ളിയിൽനിന്നുംമടങ്ങിവരുമ്പോൾ, അയാൾ അത്യന്തം മര്യാദഹീനമായ രീതിയിൽ അങ്ങയെ വിളിക്കുകയും പണം ആവശ്യപ്പെടുകയും ചെയ്തു. അവിടുന്ന് തന്റെ തൂവാലയിൽ നിന്നും നാലോ എട്ടോ അണയെടുത്ത് അയാൾക്ക് നൽകി. അതോടെ അയാൾ സന്തുഷ്ടനായി അവിടെനിന്നും പോയി.

മാസ്റ്റർ നസീർ ഹുസൈൻ സാഹിബ് വിവരിക്കുന്നു: ഞാൻ എന്റെ പിതാവിനോടൊപ്പം ഖാദിയാനിൽ ഹദ്ത്ത് മസീഹ് മൗഊദ് (അ)ന്റെ സന്നിധിയിൽ വരുമ്പോഴൊക്കെ, 'ഹക്കീം മർഹമെ ഈസാ സാഹിബ് വന്നിട്ടുണ്ട്' എന്ന് അങ്ങയെ വിവരം അറിയിച്ചപ്പോഴെല്ലാം, വിവരമറിഞ്ഞ ഉടൻ തന്നെ അവിടുന്ന് പുറത്തേക്ക് വരുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. ഞങ്ങൾക്ക് കഴിക്കാനായി അവിടുന്ന് എന്തെങ്കിലും നൽകുകയും ചെയ്യുമായിരുന്നു. അതിഥികളോട് അത്രമേൽ ലാളിത്യത്തോടെയാണ് ഹുസൂർ (അ) ഇടപഴകിയിരുന്നത്. ചിലപ്പോഴൊക്കെ അങ്ങയുടെ കൈകളിൽ പേനയുണ്ടാകും, ചിലപ്പോൾ നഗ്നപാദനായിട്ടായിരിക്കും ഞങ്ങളെ കാണാൻ വരുന്നത്; അതായത് അകത്ത് ഏത് അവസ്ഥയിലാണോ ഇരിക്കുന്നത്, അതേ അവസ്ഥയിൽ തന്നെ അവിടുന്ന് പുറത്തേക്ക് വരുമായിരുന്നു.

ഹദ്ത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) വിവരിക്കുന്നു: ഒരിക്കൽ ഞാൻ ലാഹോറിൽ നിന്ന് ഖാദിയാനിൽ വന്നതായിരുന്നു. ഹദ്ത്ത് സാഹിബ്(അ) എന്നെ മസ്ജിദ് മുബാറകിൽ ഇരുത്തിയ ശേഷം അരുളി: *'താങ്കൾ ഇവിടെ*

*ഇരിക്കൂ, ഞാൻ ഭക്ഷണം എടുത്തു കൊണ്ടു വരാം.'* ഏതാനും മിനിറ്റുകൾക്ക് ശേഷം അവിടുന്ന് സ്വയം ഒരു വലിയ പ്ലേറ്റിൽ ഭക്ഷണവുമായി വന്നു. ശേഷം അരുളി: *താങ്കൾ കഴിച്ചോളൂ, ഞാൻ വെള്ളം കൊണ്ടുവരാം.* മുഫ്തി സാഹിബ് (റ) പറയുന്നു: (അവിടുത്തെ ആ വിനയം കണ്ട്) എന്റെ കണ്ണു നനഞ്ഞു.

ഹദ്ത്ത് മുൻഷി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി (റ) വിവരിക്കുന്നു: വാഗ്ദത്ത മസീഹ് (അ) ഒരിക്കലും വാതിൽ തുറന്നിട്ട് ഇരിക്കാറില്ലായിരുന്നു. അതായത് വാതിൽ അടച്ചാണ് അകത്തിരിക്കാറുള്ളത്. അദ്ദേഹം പറയുന്നു: ഞാൻ ഹുസൂർ (അ)ന്റെ അരികിൽ ഇരിക്കുകയായിരുന്നു. കുറച്ചു സമയം കഴിയുമ്പോൾ ഹദ്ത്ത് സാഹിബ്സാദ മിയാൻ മഹ്മൂദ് അഹ്മദ് സാഹിബ് വന്ന് 'ഉപ്പാ, വാതിൽ തുറക്കൂ' എന്ന് പറയുമായിരുന്നു. അവിടുന്ന് (അ) ഉടൻ തന്നെ എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നു കൊടുക്കുമായിരുന്നു. ഒരിക്കൽ ഞാൻ അവിടുത്തെ സന്നിധിയിൽ ഹാജരായപ്പോൾ ഹുസൂർ (അ) ഒരു പായയിൽ ഇരിക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അവിടുന്ന് ഒരു കട്ടിൽ പൊക്കി അകത്തേക്ക് കൊണ്ടുപോകാൻ തുടങ്ങി. ഞാൻ പറഞ്ഞു: 'ഞാൻ അത് എടുത്തോളാം.' അപ്പോൾ അവിടുന്ന് അരുളി: *'ഇതിന് ഭാരം കൂടുതലുണ്ട്, താങ്കൾക്ക് പൊക്കാൻ സാധിക്കില്ല.'* അകത്ത് കട്ടിൽ വച്ച ശേഷം അവിടുന്ന് പറഞ്ഞു: *'താങ്കൾ ഇതിൽ ഇരിക്കൂ, എനിക്ക് താഴെ ഇരിക്കുന്നതാണ് സുഖം. ഞാൻ താഴെ ഇരുന്നോളാം.'*

എനിക്ക് ദാഹിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: *'ഞാൻ അകത്തുനിന്ന് ഒരു ഗ്ലാസ് കൊണ്ടുവരാം.'* തുടർന്ന് അകത്തുനിന്ന് മണിപ്പൂരിൽ നിന്നും ആരോ സമ്മാനമായി അയച്ചുതന്ന രണ്ട് കുപ്പി ശർബത്തുമായി അവിടുന്ന് വന്നു. അവിടുന്ന് അരുളി: *'ഈ കുപ്പികൾ എടുത്തു വെച്ചിട്ട് ഒരു പാട് ദിവസമായി. കാരണം, ആദ്യം ഏതെങ്കിലും ഒരു സുഹൃത്തിനെ വിളിച്ച് ഇത് കുടിപ്പിച്ച ശേഷമേ നമ്മൾ കുടിക്കൂ എന്ന് നാം നിയ്യത്ത് ചെയ്തിട്ടുണ്ടായിരുന്നു.'* അവിടുന്ന് എനിക്ക് ഒരു ഗ്ലാസ് ശർബത്ത് ഉണ്ടാക്കിത്തന്നു. ഞാൻ പറഞ്ഞു: 'ആദ്യം ഹുസൂർ ഇതിൽ നിന്നും അല്പം കുടിച്ചാലും.' അവിടുന്ന് അതിൽ നിന്നും ഒരു ഇറക്ക് കുടിച്ചു. ഞാൻ ആ ശർബത്ത് നന്നായിട്ടുണ്ടെന്ന് ഞാൻ പറഞ്ഞപ്പോൾ അവിടുന്ന് അരുളി: *'ഒരു കുപ്പി താങ്കൾ എടുത്തോളൂ, മറ്റേ കുപ്പി പുറത്തുള്ള അതിഥികൾക്ക് കുടിക്കാൻ നൽകുക.'*

ഒരിക്കൽ ലാഹോറിൽ നിന്നും ഡോക്ടർ അല്ലാമാ ഇഖ്ബാൽ, സർ ശഹാബുദ്ദീൻ തുടങ്ങിയ പ്രമുഖരടങ്ങുന്ന ഒരു സംഘം ഹദ്ത്ത് മസീഹ് മൗഊദ് (അ)നെ സന്ദർശിക്കാൻ വരികയുണ്ടായി. ആ കൂടിക്കാഴ്ചയെക്കുറിച്ച് ബാബു ഗുലാം മുഹമ്മദ് സാഹിബ് ഇപ്രകാരം വിവരിക്കുന്നു: അത്താഴത്തിന് ശേഷം കട്ടിലുകൾ (ചാർപായ) വീതിച്ചു നൽകിയപ്പോൾ, ഞാൻ വലുതും ഉറപ്പുള്ളതുമായ ഒരു കട്ടിൽ തിരഞ്ഞെടുത്തു. എന്നാൽ ചൗധരി ശഹാബുദ്ദീൻ സാഹിബ് എന്റെ ആ കട്ടിൽ കൈക്കലാക്കി. ആ സമയം ഹദ്ത്ത് സാഹിബ് (അ) അങ്ങോട്ട് വന്നു. വല്ല ബുദ്ധിമുട്ടുമുണ്ടോ എന്ന് അവിടുന്ന് ഓരോരുത്തരോടും അന്വേഷിച്ചു. 'ഹുസൂർ, എനിക്ക് യാതൊരു ബുദ്ധിമുട്ടുമില്ല' എന്ന് എല്ലാവരും മറുപടി നൽകി. അവിടുന്ന് എന്റെയടുത്ത് എത്തിയപ്പോൾ ഞാൻ പ്രയാസത്തോടെ നിൽക്കുകയായിരുന്നു. കാരണം ശഹാബുദ്ദീൻ സാഹിബ് എന്റെ കട്ടിൽ കൈവശപ്പെടുത്തിയിരുന്നു. എന്റെ അവസ്ഥ കണ്ട് അവിടുന്ന് അരുളി: *'താങ്കൾ ഒന്നു കാത്തു നിൽക്കൂ, ഞാൻ അകത്തുനിന്ന് താങ്കൾക്കായി ഒരു കട്ടിൽ കൊണ്ടുവരാം.'*കുറേ സമയമായിട്ടും ആരെയും കാണാതിരുന്നപ്പോൾ ഞാൻ അകത്തേക്ക് എത്തിനോക്കി. അപ്പോൾ ഒരാൾ വേഗത്തിൽ കട്ടിൽ നെയ്യുന്നതും ഹദ്റത്ത് സാഹിബ്(അ) അദ്ദേഹത്തിന് വെളിച്ചം കാണിച്ചുകൊണ്ട് വിളക്കും പിടിച്ച് അരികിൽ നിൽക്കുന്നതുമാണ് ഞാൻ കണ്ടത്! ഹുസൂറിന്റെ ഈ അവസ്ഥ കണ്ടപ്പോൾ എനിക്ക് വളരെയധികം ലജ്ജ തോന്നി. ഞാൻ പറഞ്ഞു: ഹുസൂർ, ആ വിളക്ക് ഞാൻ പിടിക്കാം. അപ്പോൾ അവിടുന്ന് അരുളി: *'ഇനിയിപ്പോൾ ഒരു വരി കൂടി മാത്രമേ നെയ്യാനുള്ളൂ.'* ഹുസൂറിന്റെ ഈ ഉദാത്തമായ സ്വഭാവമഹിമ കണ്ട് എന്റെ കണ്ണുകൾ ഈറനണിഞ്ഞു.

ഹദ്ത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) വിവരിക്കുന്നു: ഇത് ഏതാണ്ട് 1896-ലെ സംഭവമാണ്. ജൂൺ മാസമായിരുന്നു

അത്, വീടിന്റെ ഉൾഭാഗം പുതിയതായി പണി തതേ ഉണ്ടായിരുന്നുള്ളൂ. ഉച്ചസമയത്ത് അവിടെ ഒരു കട്ടിൽ വച്ചിട്ടുണ്ടായിരുന്നു. ഞാൻ അതിൽ കിടന്നു. ഹദ്ത്ത് സാഹിബ് (അ) അവിടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. ഞാൻ ഉണർന്നപ്പോൾ ഹുസൂർ (അ) കട്ടിലിന് താഴെ നിലത്ത് കിടക്കുന്നതാണ് കണ്ടത്! ആദരവും പരിഭ്രമവും കാരണം ഞാൻ പെട്ടെന്ന് എഴുന്നേറ്റിരുന്നു. അവിടുന്ന് ചോദിച്ചു: *'എന്താ എഴുന്നേറ്റത്?'.* ഞാൻ പറഞ്ഞു: 'അങ്ങ് താഴെ കിടക്കുമ്പോൾ ഞാൻ എങ്ങനെയാണ് മുകളിൽ ഉറങ്ങുക?' അവിടുന്ന് പുഞ്ചിരിച്ചുകൊണ്ട് അരുളി: *'ഞാൻ താങ്കൾക്ക് കാവൽ നിൽക്കുകയായിരുന്നു. കുട്ടികൾ ബഹളം വെക്കുന്നുണ്ടായിരുന്നു, താങ്കളുടെ ഉറക്കത്തിന് ഭംഗം വരാതിരിക്കാൻ ഞാൻ അവരെ തടയുകയായിരുന്നു.*

ഹദ്ത്ത് മുൻഷി ഇമാം ദീൻ സാഹിബ് (റ) വിവരിക്കുന്നു: 1894-ലാണ് ഞാൻ ഹദ്ത്ത് മസീഹ് മൗഊദ് (അ)ന്റെ പവിത്രകരങ്ങളിൽ ബൈഅത്ത് ചെയ്തത്. മഗ്രിബ് നമസ്കാരത്തിന് മുൻഷി അബ്ദുൽ അസീസ് സാഹിബ് എന്റെ കൂടെയുണ്ടായിരുന്നു. നമസ്കാരത്തിന് ശേഷം മുൻഷി സാഹിബ് എന്നിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഹദ്ത്ത് മസീഹ് മൗഊദി(അ) നോട് പറഞ്ഞു: 'ഹുസൂർ, ഇദ്ദേഹത്തിന്റെ ബൈഅത്ത് സ്വീകരിച്ചാലും.'അവിടുന്ന് അകത്തേക്കു വരാൻ പറഞ്ഞു. ഞാൻ തനിയെ അകത്ത് ബൈത്തുൽ ഫിക്റിലേക്ക് പ്രവേശിച്ചപ്പോൾ ഹുസൂർ (അ) എന്നെ കട്ടിലിന്റെ തലയ്ക്കൽ ഇരുത്തുകയും അവിടുന്ന് കട്ടിലിന്റെ കാൽ ഭാഗത്ത് ഇരിക്കുകയും ചെയ്തു.

അവിടുന്ന് അരുൾ ചെയ്യുന്നു: *എന്റെ അവസ്ഥ എങ്ങനെയെന്നാൽ,ഞാൻ നമസ്കാരത്തിൽ മുഴുകിയിരിക്കെ ഒരാളുടെ വേദനിക്കുന്ന ശബ്ദം എന്റെ കാതുകളിൽ എത്തിയാൽ, നമസ്കാരം നിർത്തിവച്ചിട്ടാണെങ്കിലും അവന് എന്തെങ്കിലും ആശ്വാസം എത്തിക്കാൻ സാധിക്കുമെങ്കിൽ അത് ചെയ്യാനും സാധ്യമാകുന്നിടത്തോളം അവനോട് സഹാനുഭൂതി കാണിക്കാനുമാണ് ഞാൻ ആഗ്രഹിക്കുന്നത്; . ഒരു സഹോദരന്റെ കഷ്ടപ്പാടിലും ബുദ്ധിമുട്ടിലും അവനൊപ്പം നിൽക്കാതിരിക്കുക എന്നത് ധാർമികതയ്ക്ക് നിരക്കാത്തതാണ്. അവനുവേണ്ടി നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ലെങ്കിൽപ്പോലും, പ്രാർത്ഥിക്കുകയെങ്കിലും ചെയ്യുക.സ്വന്തം ആളുകളോടെന്നല്ല, അന്യരോടും ഹൈന്ദവ സഹോദരങ്ങളോടും പോലും ഇത്തരം ഉദാത്തമായ സ്വഭാവമാതൃക കാണിക്കണമെന്നും അവരോട് സഹാനുഭൂതി പുലർത്തണമെന്നുമാണ് ഞാൻ പറയുന്നത്. ഒരിക്കലും ഉദാസീനമായ ഒരു മനോഭാവം ഉണ്ടാകാൻ പാടില്ല.*

ഹദ്ത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് (റ) വിവരിക്കുന്നു: ഹുസൂർ (അ) ഒരാളെ കാണുമ്പോൾ പുഞ്ചിരിച്ചുകൊണ്ടാണ് കണ്ടിരുന്നത്; അതോടെ അയാളുടെ സകല വിഷമങ്ങളും ദൂരീകരിക്കപ്പെടുമായിരുന്നു. അവിടുത്തെ ആ പ്രസന്നത കണ്ട് ഓരോ അഹ്മദിയും മനസ്സിലാക്കിയിരുന്നു, അങ്ങയുടെ സദസ്സിൽ ഇരിക്കുന്നതിലൂടെ സകല ഹൃദയവ്യഥകളും ഇല്ലാതാകുന്നുവെന്ന്. ഏറ്റവും ചെറിയൊരു മനുഷ്യന്റെ വാക്കുകൾ പോലും അതീവ ശ്രദ്ധയോടെ കേൾക്കുകയും വലിയ സ്നേഹത്തോടെ മറുപടി നൽകുകയും ചെയ്യുക എന്നത് അങ്ങയുടെ ശീലമായിരുന്നു. ഹദ്ത്ത് സാഹിബിന് ഏറ്റവും കൂടുതൽ സ്നേഹം തന്നോടാണെന്നാണ് ഓരോരുത്തരും വ്യക്തിപരമായി കരുതിയിരുന്നത്. ചിലപ്പോൾ സദസ്സിന്റെ മര്യാദകളെക്കുറിച്ച് ധാരണയില്ലാത്ത ആളുകൾ പോലും സദസ്സിലിരുന്ന് ഒരുപാട് സമയം സ്വന്തം കാര്യങ്ങൾ സംസാരിച്ചുകൊണ്ടേയിരിക്കുമ്പോൾ പോലും ഹദ്ത്ത് സാഹിബ് (അ) അവ ശാന്തമായി കേട്ടിരിക്കുമായിരുന്നു. ഒരിക്കൽപ്പോലും ആരോടും 'ഇനി മതിയാക്കൂ' എന്ന് അവിടുന്ന് പറഞ്ഞിരുന്നില്ല. ഒരിക്കൽ ഒരാൾ അങ്ങയുടെ അടുക്കൽ വന്ന് കുനിഞ്ഞ് കാൽ തൊട്ട് വന്ദിക്കാൻ ഒരുങ്ങി. ഹദ്ത്ത് സാഹിബ് (അ) തന്റെ കൈകൊണ്ട് അദ്ദേഹത്തിന്റെ ശിരസ്സ് മാറ്റിക്കൊണ്ട് അരുളി: *ഈ രീതി അനുവദനീയമല്ല അസ്സലാമു അലൈക്കും എന്ന് പറയുകയും ഹസ്തദാനം ചെയ്യുകയുമാണ് വേണ്ടത്.*

ഫഖീറുമാരുടെയും സൂഫീ പീഠാധിപന്മാരുടെയും കടുത്ത അനുഭാവിയായിരുന്ന ഒരാൾ നമ്മുടെ പള്ളിയിൽ വന്നു. ആളുകൾ തികച്ചും സ്വതന്ത്രമായി സംസാരിക്കുന്നത് കണ്ട് അയാൾ അത്ഭുതപ്പെട്ടു. അദ്ദേഹം വാഗ്ദത്ത മസീഹിനോട്(അ) പറഞ്ഞു: അങ്ങയുടെ പള്ളിയിൽ യാതൊരു

മര്യാദയുമില്ലല്ലോ, ആളുകൾ യാതൊരു മടിയുമില്ലാതെയാണ് അങ്ങയോട് സംസാരിക്കുന്നത്. അപ്പോൾ അവിടുന്ന് (അ) അരുളി: *ആളുകൾ ഒരു വന്യമൃഗത്തെയെന്നപോലെ എന്നെ ഭയപ്പെടും വിധം അത്ര കഠിനഹൃദയനും ഭയാനകനുമായി സദസ്സിലിരിക്കുക എന്നത് എന്റെ രീതിയല്ല. ഒരു വിഗ്രഹമായി മാറുന്നതിനെ ഞാൻ ശക്തമായി വെറുക്കുന്നു. ഞാൻ വന്നത് തന്നെ വിഗ്രഹാരാധനയെ ഇല്ലായ്മ ചെയ്യാനാണ്; അല്ലാതെ ഞാൻ സ്വയം ഒരു വിഗ്രഹമാകാനും ആളുകൾ എന്നെ ആരാധിക്കാനുമല്ല. ദൈവത്തിന് നന്നായറിയാം, ഞാൻ എന്നെ മറ്റുള്ളവരേക്കാൾ തരിമ്പും ഉന്നതനായി കണക്കാക്കുന്നില്ല. അഹങ്കാരിയേക്കാൾ വലിയ വിഗ്രഹാരാധകനും നീചനുമായി മറ്റാരുമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തെന്നാൽ, അഹങ്കാരി ദൈവത്തെയല്ല, മറിച്ച് അവനെത്തന്നെയാണ് ആരാധിക്കുന്നത്.*

ഹദ്ത്ത് ശൈഖ് അബ്ദുൽ ഖാദിർ സാഹിബ് (റ) എഴുതുന്നു: മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ഇപ്രകാരം പറയാറുണ്ടായിരുന്നു: എന്റെ പിതാവ് തന്റെ ജീവിതം ഒരു മുഗൾ പ്രഭുവിനെപ്പോലെയല്ല നയിച്ചത്, മറിച്ച് ഒരു ലളിത ഭക്തനെപ്പോലെ മാത്രമാണ് ജീവിച്ചത്.

ഹദ്ത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: *തങ്ങളുടെ ജീവിതം ലാളിത്യത്തിലും എളിമയിലും നയിക്കുക എന്നത് മുത്തഖിയായി തീരാൻ നിബന്ധനയാണ്. തഖ്‌വയുടെ ഒരു ശാഖയാണിത്. ഇതിലൂടെയാണ് നാം അനാവശ്യമായ കോപത്തെ പ്രതിരോധിക്കേണ്ടത്. ആധ്യാത്മികജ്ഞാനികൾക്കും സച്ചരിതർക്കും കടന്നുപോകേണ്ടി വരുന്ന ഏറ്റവും കഠിനമായ ഘട്ടം കോപത്തിൽ നിന്ന് രക്ഷപ്പെടുക എന്നതു തന്നെയാണ്. ആത്മപ്രശംസയും അഹങ്കാരവും ഉണ്ടാകുന്നത് കോപത്തിൽ നിന്നാണ്. അതുപോലെ ചിലപ്പോൾ കോപം തന്നെയും ആത്മപ്രശംസയുടെയും അഹങ്കാരത്തിന്റെയും ഫലമായിത്തീരാറുണ്ട്. കാരണം, മനുഷ്യൻ സ്വയം താൻ മറ്റുള്ളവരേക്കാൾ ഉന്നതാണെന്ന് കാണുമ്പോഴാണ് കോപം ഉണ്ടാകുന്നത്. എന്റെ ജമാഅത്തിലുള്ളവർ പരസ്പരം വലിയവനെന്നോ ചെറിയവനെന്നോ കരുതുന്നതും പരസ്പരം അഹങ്കരിക്കുന്നതും ആരെയും പുച്ഛഭാവത്തോടെ നോക്കുന്നതും ഞാൻ ഇഷ്ടപ്പെടുന്നില്ല. ആരാണ് വലിയവനെന്നും ആരാണ് ചെറിയവനെന്നും അല്ലാഹുവിന് മാത്രമേ അറിയൂ. ചില ആളുകൾ വലിയവരുമായി കണ്ടുമുട്ടുമ്പോൾ വളരെ ആദരവോടെ പെരുമാറാറുണ്ട്. എന്നാൽ, ഒരു പാവപ്പെട്ടവന്റെ വാക്ക് എളിമയോടെ കേൾക്കുകയും അവന്റെ മനസ്സിന് സന്തോഷമേകുകയും അവന്റെ വാക്കിനെ ആദരിക്കുകയും അവനെ വേദനിപ്പിക്കുന്ന തരത്തിലുള്ള പരിഹാസ വാക്കുകളൊന്നും വായിൽ നിന്ന് പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥത്തിൽ വലിയവൻ.* അല്ലാഹു തആല അരുളുന്നു:

وَلَا تَنَابَزُوْا بِالْاَلْقَابِؕ بِئْسَ الِاسْمُ الْفُسُوْقُ بَعْدَ الْاِيْمَانِۚ وَمَنْ لَّمْ يَتُبْ فَاُولٰٓئِكَ هُمُ الظّٰلِمُوْنَ

(സൂറത്തുൽ ഹുജുറാത്ത്: 12)

അവിടുന്ന് അരുളുന്നു: *നിങ്ങൾ പരസ്പരം പരിഹാസപ്പേരുകൾ വിളിച്ച് ആക്ഷേപിക്കരുത്. ഇത് നീചരുടെയും ദുഷ്ടന്മാരുടെയും പ്രവൃത്തിയാണ്. ഒരാളെ പരിഹസിക്കുന്നവൻ, താനും അതേ അവസ്ഥയിൽ അകപ്പെടുന്നത് വരെ മരണപ്പെടുകയില്ല. നിങ്ങളുടെ സഹോദരങ്ങളെ നിന്ദ്യരായി കാണരുത്. എല്ലാവരും ഒരേ നീരുറവയിൽ നിന്ന് പാനം ചെയ്യുന്നതിലാൽ, കൂടുതൽ പാനം ചെയ്യാൻ ഭാഗ്യം ചെയ്തത് ആരാണെന്ന് ആർക്കറിയാം!*

യഥാർത്ഥ രീതിയിൽ വിനയവും താഴ്മയും വളർത്തിയെടുക്കാൻ അല്ലാഹു തആല നമുക്ക് തൗഫീഖ് നൽകട്ടെ. ഹദ്ത്ത് മസീഹ് മൗഊദ് (അ)-ന്റെ ബൈഅത്തിൽ വന്നുകൊണ്ട് യഥാർത്ഥ ഇസ്‌ലാമിക അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും അതിന്റെ കടമകൾ പൂർണ്ണമായി നിറവേറ്റാനും അവൻ നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلاَ مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلا هَادِىَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 05.06.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516